**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4773** **19-03-2025 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം സജ്ജമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണ തോതിൽ സജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുറമുഖത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി Special Assistance to States for Capital Investment പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണത്തിനായി 28.00 കോടി രൂപയുടെയും ബെർത്തിങ് ഫെസിലിറ്റിക്കായി 6.89 കോടി രൂപയുടെയും പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപോസൽ പരിശോധിച്ച് വരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണം, അപ്രോച്ച് റോഡ് നിർമ്മാണം എന്നിവയും, ബെർത്തിങ് ഫെസിലിറ്റിയിൽ 2.00 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ മഞ്ചേശ്വരം ഹാർബർ ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി നബാർഡ് ആർ.ഐ.ഡി.എഫ് XXXI ൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുവാനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണയിലാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതികൾക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ